# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3446 — 15.03.2018 ലെ മറുപടിയ്ക്ക്

**പദ്ധതി നിർവ്വഹണ ചുമതല പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള ട്രഷറി ഡയറക്ടറുടെ ഉത്തരവ്**

**ചോദ്യം** — **ഉത്തരം**

ശ്രീ. കെ.എൻ.എ.ഖാദർ

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ മന്ത്രി

| | | |
|---|---|---|
| (എ) | നടപ്പ് സാമ്പത്തിക വർഷം അവസാനിക്കാനിരിക്കെ പദ്ധതി നിർവ്വഹണ ചുമതല പുതുക്കി നിശ്ചയിച്ചുകൊണ്ട് ട്രഷറി ഡയറക്ടർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യം വിവരിക്കാമോ; | നടപ്പ് സാമ്പത്തിക വർഷം അവസാനിക്കാനിരിക്കെ പദ്ധതി നിർവ്വഹണ ചുമതല പുതുക്കി നിശ്ചയിച്ചുകൊണ്ട് ട്രഷറി ഡയറക്ടർ ഉത്തരവിറക്കിയിട്ടില്ല. |
| (ബി) | നിലവിൽ പദ്ധതി നിർവ്വഹണ ചുമതല ആർക്കൊക്കെയാണ് നല്കിയിട്ടുള്ളത്; വിശദമാക്കാമോ; | നിലവിൽ പദ്ധതി നിർവ്വഹണ ചുമതല നിർവഹിക്കുന്നതിനുവേണ്ടി തദ്ദേശ ഭരണ ണ എഞ്ചിനീയറിംഗ് വകുപ്പ് ആവശ്യപ്പെട്ട 323 നിർവ്വഹണ ഉദ്യോഗസ്ഥരെ അധികമായി ഡിഡിഒ-മാരായി നിയോഗിക്കാനുള്ള നിർദേശം 07/02/2018, 26/12/2018 എന്നീ തീയതികളിലെ 654219/SL2/2017/ധന. നം സർക്കാർ കത്തുകൾ പ്രകാരം ട്രഷറി ഡയറകടർക്ക് നൽകിയിട്ടുണ്ട്. |
| (സി) | ഇത് പുതുക്കി നിശ്ചയിക്കുന്നതുവഴി ഭൂരിഭാഗം നടപടികളും പൂർത്തീകരിച്ച് ബിൽ മാറുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് ഉണ്ടാകുന്ന തടസം എങ്ങനെ ഒഴിവാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | തദ്ദേശ ഭരണ എഞ്ചിനീയറിംഗ് വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ള എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഡി.ഡി.ഒ കോഡ് അനുവദിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ ബിൽ മാറുന്നതിന് തടസം ഉണ്ടാകാനിടയില്ല. |

സെക്ഷൻ ഓഫീസർ